# കേരള സർവകലാശാല

നം. പി.ആർ.141/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഡിഗ്രി പുതുക്കിയ ടൈംടേബിൾ

കേരള സർവകലാശാല ആഗസ്റ്റ് അഞ്ചിന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ ബി.എ (2013-ന് മുമ്പുള്ള അഡ്മിഷൻ, സി.ബി.സി.എസ്.എസ്) സപ്ലിമെന്ററി പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എ തമിഴ് പ്രവേശനം

കേരള സർവകലാശാല കാര്യവട്ടം തമിഴ് പഠനവകുപ്പിൽ എം.എ തമിഴ് (2016-18) പ്രവേശനത്തിന് താൽപര്യമുള്ളവർ ആഗസ്റ്റ് അഞ്ചിനകം വകുപ്പ് മേധാവിയുമായി ബന്ധപ്പെടുക. ഫോൺ. 0471-2308919.

### വോക് ഇൻ-ഇന്റർവ്യൂ

കേരള സർവകലാശാല കാര്യവട്ടം ബോട്ടണി പഠനവകുപ്പിൽ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റിന്റെ സഹായത്തോടെ നടത്തുന്ന പ്രോജക്ടിൽ പ്രോജക്ട് ഫെലോയുടെ ഒഴിവിലേക്ക് ആഗസ്റ്റ് 17 രാവിലെ 10 മണിക്ക് വോക് ഇൻ-ഇന്റർവ്യൂ വകുപ്പിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

### ഡിഗ്രി സമ്പർക്കക്ലാസുകൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന മൂന്നാം വർഷ ബി.എ/ബി.കോം/ബി.എസ്സി സമ്പർക്കക്ലാസുകൾ ആഗസ്റ്റ് ആറ് മുതൽ കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസ് (ബി.എ അഫ്സൽ ഉൽ-ഉലമ, ബി.എ ഹിസ്റ്ററി, ബി.എ ഇക്കണോമിക്സ്, ബി.എ മലയാളം, ബി.എ ഇംഗ്ലീഷ്, ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ടാക്സേഷൻ & കോ-ഓപ്പറേഷൻ, ബി.എ പൊളിറ്റിക്കൽ സയൻസ്), കൊല്ലം മുളങ്കാടകം യു.ഐ.ടി (ബി.എ ഹിസ്റ്ററി, ബി.എ മലയാളം, ബി.എ ഇംഗ്ലീഷ്, ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ടാക്സേഷൻ & കോ-ഓപ്പറേഷൻ, ബി.എ സോഷ്യോളജി), കൊട്ടാരക്കര യു.ഐ.ടി (ബി.എ ഇംഗ്ലീഷ്, ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ടാക്സേഷൻ & കോ-ഓപ്പറേഷൻ), യു.ഐ.ടി ആലപ്പുഴ (ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ), എസ്.ഡി.ഇ പാളയം (ബി.എ സോഷ്യോളജി, ബി.എസ്സി മാത്തമാറ്റിക്സ്) എന്നിവിടങ്ങളിൽ നടത്തും. സമയം രാവിലെ 9.30 മുതൽ 12.30 വരെയും ഉച്ചയ്ക്ക് ഒരു മണി മുതൽ നാല് മണിവരെയും.

### ഇന്റേണൽ മാർക്ക്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തിയ അവസാന വർഷ എം.കോം (2014-16 ബാച്ച്) ഇന്റേണൽ മാർക്ക് പ്രസിദ്ധീകരിച്ചു.

പരാതിയുള്ളവർ ആഗസ്റ്റ് 16-നകം കോ-ഓർഡിനേറ്ററുമായി ബന്ധപ്പെടുക. ഫോൺ. 0471-2386126, 2300137.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
03.08.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ


**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**


**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**